സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - ശ്രീ.അഖിൽ.ബി, വാച്ച്മാൻ, സർക്കാർ എൻജിനിയറിങ് കോളേജ്, തൃശ്ശൂർ - ശൂന്യവേതനാവധി - തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ഇഡി 3/5441/2024 ജീവനക്കാര്യം(ഡി) വിഭാഗം 04-07-2025

---

വായന:-1. 27.06.2024 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
2. 25.12.2024 ലെ സ.ഉ.(സാധാ) നം.1600/2024/എച്ച്ഇഡിഎൻ നമ്പർ ഉത്തരവ്.
2. 09.06.2025 തിയതികളിലെ GPTCKRT/246/2025 നമ്പർ കൊരട്ടി സർക്കാർ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാളിൻറെ കത്ത്.

ഉത്തരവ്

തൃശ്ശൂർ , കൊരട്ടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ വാച്ച്മാനായിരുന്ന ശ്രീ.അഖിൽ .ബി ക്കു കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I പരിശിഷ്ടം XII ബി പ്രകാരമുള്ള ശൂന്യവേതനാവധി അനുഭവിച്ചു കൊണ്ട് സർക്കാർ വ്യവസായിക പരിശീലന കേന്ദ്രത്തിൽ 2024 - 2025 അക്കാദമിക വർഷം വെൽഡർ കോഴ്സ് പഠിക്കേണ്ടതാണെന്നും മറ്റുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിരാക്ഷേപ സാക്ഷ്യപത്രം സൂചന (1) പ്രകാരം അനുവദിച്ചിരുന്നു.

ശ്രീ.അഖിൽ.ബി, ഹാജരാക്കിയ കോഴ്സ് സർട്ടിഫിക്കറ്റിൻറെയും, അവധി അപേക്ഷയുടെയും അടിസ്ഥാനത്തിൽ കോഴ്സ് കാലാവധിയായ 02.09.2024 മുതൽ 31.07.2025 വരെ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I പരിശിഷ്ടം XII ബി പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയക്കുകയും, ശ്രീ.അഖിൽ.ബി ക്കു സൂചന (2) പ്രകാരം ടി അവധി അനുവദിച്ച് സർക്കാരിൽ നിന്നും ഉത്തരവാകുകയും ചെയ്തു.

സർക്കാർ ഉത്തരവ് പ്രകാരം ടിയാൻറെ പഠനകാലാവധി 31.07.2025 - ൽ അവസാനിച്ചതിനാൽ വാച്ച്മാൻ തസ്തികയിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിച്ച് കൊണ്ട് ശ്രീ.അഖിൽ . ബി സമർപ്പിച്ച അപേക്ഷ 09.06.2025 തിയതിയിൽ സൂചന (3) പ്രകാരം സ്ഥാപന മേധാവി ലഭ്യമാക്കിയിരുന്നു.

അപേക്ഷ പരിശോധിച്ചു.

അതിനാൽ, സർക്കാർ വ്യവസായിക പരിശീലന കേന്ദ്രത്തിൽ ഒരു വർഷത്തെ വെൽഡർ കോഴ്സ് പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ശ്രീ.അഖിൽ ബി യുടെ അപേക്ഷ പരിഗണിച്ചു കൊണ്ട്, തൃശ്ശൂർ , സർക്കാർ എൻജിനിയറിങ് കോളേജിലെ വാച്ച്മാൻ ശ്രീ.മിഥുൻ .കെ.എം ൻ്റ തസ്തിക മാറ്റം ലഭിച്ച ഉണ്ടായ ഒഴിവിൽ ടിയാന് പുന:പ്രവേശനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അവധി കഴിയുന്ന മുറയ്ക്ക് ടിയാൻ തൃശ്ശൂർ സർക്കാർ എൻജിനിയറിങ് കോളേജിലെ വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പ്രിൻസിപ്പാൾ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സ്ഥാപന മേധാവി ടിയാൻറെ ചേരുംകാലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Deepa V
SENIOR ADMINISTRATIVE OFFICER

പകർപ്പ്

1.പ്രിൻസിപ്പാൾ, സർക്കാർ എൻജിനിയറിങ് കോളേജ്, തൃശ്ശൂർ
2.ശ്രീ.അഖിൽ.ബി , വാച്ച്മാൻ,സർക്കാർ എഞ്ചിനീറിങ് കോളേജ്, തൃശ്ശൂർ (സ്ഥാപന മേധാവി വഴി)
3.ഇ-ഓഫീസ് കരുതൽ സഞ്ചയം

Signed by
Deepa V
Date: 04-07-2025 00:25:32